# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പോരുവഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കൊല്ലം.-691001**

**ഇ-മെയിൽ: doklm.ksad@kerala.gov.in**
**ഫോൺ : 0474-2740141**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P8/238/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/04/2023
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോരുവഴി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P8/238/2023 തീയ്യതി: 05/04/2023

# കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2021 മുതൽ 07-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അമ്പിളി എം ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ) | 09-01-2023 | 18-01-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-01-2023 | 18-01-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത എസ് എസ്,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി പത്മകുമാരി. എൽ, അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
ശ്രീ .അരുൺജിത്ത് ജി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ദിവ്യ.ജെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബിനു മംഗലത്ത് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജയപ്രകാശ് പി | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി സി ഒ കോമളവല്ലി | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ലക്ഷ്മി ജി മോഹൻ | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി അല്ലി എസ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 02-07-2021 |

| | | | |
|---|---|---|---|
| ശ്രീമതി ഷാജിത | ഐസിഡിഎസ് സൂപ്പർവൈസർ | 03-07-2021 | 30-11-2021 |
| ശ്രീമതി സജീന എസ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-12-2021 | 31-03-2022 |
| ശ്രീ ബീനീഷ് ചന്ദ്രൻ ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ റോബിൻ സാമുവൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 18-10-2021 |
| ശ്രീമതി ദിവ്യ റക്സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19-10-2021 | 31-03-2022 |
| ഡോ. സനോജ് സാം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി കൃഷ്ണകുമാരി | ഹെഡ് മിസ്ട്രസ്, ഗവ.എൽപിഎസ് കമ്പലടി | 01-04-2021 | 20-09-2021 |
| ശ്രീമതി രാജേശ്വരി അമ്മ ആർ | ഹെഡ് മിസ്ട്രസ്, ഗവ.എൽപിഎസ് കമ്പലടി | 21-09-2021 | 31-10-2021 |
| ശ്രീമതി വാസന്തി ഡി | ഹെഡ് മിസ്ട്രസ്, ഗവ.എൽപിഎസ് കമ്പലടി | 01-11-2021 | 31-03-2022 |
| ശ്രീമതി റീന രവീന്ദ്രൻ | കൃഷി ഓഫീസർ | 01-04-2021 | 06-05-2021 |
| ശ്രീ രതീഷ് പി ആർ | കൃഷി ഓഫീസർ | 07-05-2021 | 01-07-2021 |
| ശ്രീ ഷിബിൻ രാജ് | കൃഷി ഓഫീസർ | 02-07-2021 | 03-10-2021 |
| ശ്രീമതി മോളു റ്റി ലാൽസൺ | കൃഷി ഓഫീസർ | 04-10-2021 | 31-03-2022 |
| ഡോ. ബിനോയ് ജോൺസൺ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2021 | 23-07-2021 |
| ഡോ. സബിത കണ്ണൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 24-07-2021 | 01-09-2021 |
| ഡോ. ലക്ഷ്മി ദീലീപ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 02-09-2021 | 31-03-2022 |
| ഡോ. കെ.ജയകുമാർ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി പത്മജാദേവി ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ ശംഭു പി | അക്രഡിറ്റഡ് എഞ്ചിനീയർ, എംജിഎൻആർഇജിഎ | 01-04-2021 | 31-08-2021 |
| ശ്രീ അഖിൽ എസ് | അക്രഡിറ്റഡ് എഞ്ചിനീയർ, എംജിഎൻആർഇജിഎ | 01-09-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികാപരിശോധന | 1-2-1 |
| 3 | വാർഷികധനകാര്യപത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | രസീത് ബുക്കിന്റെ  സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത | 1-11 |
| 13 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 14 | പി.എച്ച്.സി ലെ ആംബുലൻസ് വാടക വരവ് ഒടുക്കിയതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടില്ല | 1-13 |
| 15 | പത്താംതരം തുല്യത, ഹയർ സെക്കണ്ടറി തുല്യത കോഴ്സുകൾക്കായി കോഴ്സ് ഫീസ് ഇനത്തിൽ ചെലവഴിച്ച 15400/-രൂപയുടെ ചെലവ് നിരാകരിക്കുന്നു-രേഖകളുടെ അഭാവത്തിൽ ബാക്കി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-14 |
| 16 | മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല മുൻകൂറായി നൽകിയ 18083 /-രൂപ യുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. | 1-15 |
| 17 | വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ  ഗ്ലൂക്കോമീറ്റർ വാങ്ങുന്നതിനായി ചെലവഴിച്ച 99879/-രൂപ  തടസ്സത്തിൽ വയ്ക്കുന്നു | 1-16 |
| 18 | മൈനർ ഡിഫക്ട് പരിഗണിക്കാതെ റീടെണ്ടർ -കൂടിയ നിരക്കിൽ ടെണ്ടർ അനുവദിച്ചതിനാൽ സർക്കാർ ഫണ്ടിന് നഷ്ടം | 1-17 |
| 19 | തൊഴിലുറപ്പ് പദ്ധതി -ഫയൽ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-18 |
| 20 | പാടശേഖരസമിതിക്ക് ട്രാക്ടർ-ട്രാക്ടറിന്റെ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല. | 1-19 |
| 21 | സബ്സിഡി മാർഗ്ഗരേഖാനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി. | 1-20 |
| 22 | വെറ്റില കൃഷി വികസനം-പദ്ധതി നിർവ്വഹണരേഖകൾ ഹാജരാക്കിയില്ല. | 1-21 |
| 23 | പശുവളർത്തൽ പദ്ധതി -സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-22 |
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു | 1-23 |
| 25 | കൃത്യമായ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 26 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്- ഗുണഭോക്താക്കളുടെ അർഹതാ രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-25 |
| 27 | വിവാഹ ധനസഹായ വിതരണം- രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-26 |
| 28 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ | 1-27 |
| 29 | പഠന മുറി നിർമ്മാണം- സ്പിൽ ഓവർ പ്രോജക്ടിന്റെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-28 |
| 30 | പഠനമുറി നിർമ്മാണം- ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല-അധികമായി അനുവദിച്ച തുകയുടെ ചെലവ് നിരാകരിക്കുന്നു. | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ | 3-1 |
| 2 | പശുവളർത്തൽ പദ്ധതി -സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 3-2 |
| 3 | പത്താംതരം തുല്യത, ഹയർ സെക്കണ്ടറി തുല്യത കോഴ്സുകൾക്കായി കോഴ്സ് ഫീസ് ഇനത്തിൽ ചെലവഴിച്ച 15400/-രൂപയുടെ ചെലവ് നിരാകരിക്കുന്നു-രേഖകളുടെ അഭാവത്തിൽ ബാക്കി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-3 |
| 4 | പഠനമുറി നിർമ്മാണം- ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല-അധികമായി അനുവദിച്ച തുകയുടെ ചെലവ് നിരാകരിക്കുന്നു. | 3-4 |

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

20.02.21 തീയതിയിലെ I തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 08.03.22 തീയതിയിലെ I(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2-1 വാർഷിക ധനകാര്യപത്രികാപരിശോധന

1. വസ്തുനികുതി അരിയർ ഡിമാൻഡ് കളക്ഷൻ ബാലൻസ് തുകകൾ വാർഷിക കണക്കും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2 .ബാലൻസ് ഷീറ്റ് ബി.4-ഷെഡ്യൂൾ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് നീക്കിയിരിപ്പു തുകയും ട്രഷറി TSB Joint Venture അക്കൗണ്ട് നീക്കിയിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ആസ്തി മൂല്യമായി ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിച്ചിട്ടില്ല.

4.എ.സി.ആർ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡിൽ 262392/-രൂപ 112/22 എന്ന പ്രോജക്റ്റിന് ചെലവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലുംതൻവർഷം ടി തുകയുടെ ചെലവ് നടന്നിട്ടില്ല.

5 റസീപ്റ്റ്&പേയ്മെന്റ് ഓപ്പറേഷൻ&മെയിന്റനൻസ് ഹെഡിൽ 41026 രൂപയുടെ ചെലവ് നെഗറ്റീവ് ആയി രേഖപ്പെടുത്തിയിരിക്കുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.22 | 16.07.22 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | **₹2,91,12,905/-** |
| ഓഡിറ്റ് വർഷത്തെ വരവ് | **₹9,37,73,722/-** |
| ആകെ | **₹12,28,86,627/-** |
| ഓഡിറ്റ് വർഷത്തെ ചെലവ് | **₹9,13,88,317/-** |
| നീക്കിയിരിപ്പ് | **3,14,98,310/-** |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | **₹165219/-** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **₹10178923/-** |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | ലാപ്പ്സായ തുക (രൂപ) | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,5650537/- | 1,5650537/-- | 15639000/- | 11537/- | - |
| വികസനഫണ്ട് (എസ്.സി.പി) | 0 | 14840993/- | 14840993/-- | 13681624/- | 1159369/- | - |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (ടൈഡ്)- ട്രഷറി | 0 | 5290102 | 5290102 | 3390614 | 1899488 | - |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (ബേസിക്)-ട്രഷറി | | 1126184 | 1126184 | 987790 | 138934 | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (ടൈഡ്)-ബാങ്ക് | | 4368000 | 4368000 | 2163051 | 0 | 2204949 |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (ബേസിക്)-ബാങ്ക് | | 2963213 | 2963213 | 2035015 | 0 | 928198 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 23430000 | 23430000 | 18551487 | 4878513 | - |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 7023374 | 7023374 | 4324122 | 2699252 | - |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | 420000 | 400000 | 820000 | 770000 | 50000 | |
| ശുചിത്വമിഷൻ | 0 | 180000 | 180000 | 180000 | 0 | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 1118715 | 1265094 | 2383809 | 1610539 | 773270 | |
| MNREGS | 31526 | 1389979 | 1421505 | 1420723 | 782 | |
| സമ്പൂർണ്ണശുചിത്വം | 8238409 | 222238 | 8460647 | 775831 | 7684816 | |
| സാക്ഷരത | 230851 | 6296 | 237147 | 0 | 237147 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | ₹17,97,72,974/- | 147 | ₹7,22,71,295/- | - | 49 | 75% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 31526 | 1389979 | 1421505 | 1420723 | 782 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 82625454 | 82625454 | 82625454 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | **0** | **0** |
| കർഷകതൊഴിലാളി പെൻഷൻ | **11,97,400** | **73** |
| വിധവാപെൻഷൻ | **1,94,19,300** | **1300** |
| വാർദ്ധക്യകാലപെൻഷൻ | **3,69,48,900** | **2681** |
| വികലാംഗപെൻഷൻ | **72,87,900** | **458** |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | **2,85,300** | **18** |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | **3,60,000** | **12** |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.01.2023 തീയതിയിൽ 2.30pm ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 46361/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ സാംഖ്യ സമ്പ്രദായത്തിലുള്ള അക്കൗണ്ടിങ് നടത്തിവന്നിട്ടുള്ളതും 2022-23 സാമ്പത്തിക വർഷം മുതൽ ഐഎൽ ജിഎംസ് സിസ്റ്റം നിലവിൽ വന്നിട്ടുള്ളതുമാണ്.

വിവിധ ജോലികൾ കൃത്യമായ ജോലി വിഭജനരേഖയ്ക്കനുസൃതമായി ഉദ്യോഗസ്ഥർ നിർവ്വഹിച്ചു വരുന്നു. ഗ്രാമപഞ്ചായത്തിലെ രസീത് പിരിവിനായി ഗ്രാമലക്ഷ്മി മുദ്രായലത്തിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ഒരു മാനുവൽ രസീത് നഷ്ടപ്പെട്ടു പോയിട്ടുള്ളതും ആയത് നാളിതുവരെ കണ്ടെത്താനായിട്ടില്ലായെന്നതും ആഭ്യന്തര നിയന്ത്രണത്തിലെ പാളിച്ചയായി ഓഡിറ്റ് കണക്കാക്കുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫയലുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഫയലുകളിൽ ആവശ്യമായ രേഖകൾ എല്ലാം സൂക്ഷിച്ചിട്ടില്ലാത്തതും യഥാസമയം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതുമാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ കൃത്യമായി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ രേഖകൾ അപൂർണ്ണവും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതുമാണ്.

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | **16.05.2022** | **10/21 To 03/22** | **16.05.2022** |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | **29.09.2016 - 14.10.2016** | **2011-12 To 2015-16** | **14.08.2017** |

## 1-11 രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത

രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.
1)16-06-20-ൽ ഡി.ഡി.പി യിൽ നിന്നും ലഭിച്ച 19375 നമ്പർ രസീത് ബുക്ക് നഷ്ടപ്പെട്ട വിവരം രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി വിവരം ഡി.ഡി.പിയിൽ അറിയിച്ചതിനെ തുടർന്ന് ഡി.ഡി.പിയുടെ നിർദ്ദേശ പ്രകാരം ശൂരനാട് പോലീസ് സ്റ്റേഷനിൽ വിവരം റിപ്പോർട്ട് ചെയ്തിട്ടുള്ളതല്ലാതെ മറ്റു യാതൊരു തുടർ നടപടി വിവരങ്ങളും ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല.രസീത് ബുക്കിന്റെസ്റ്റോക്ക് രജിസ്റ്ററിൽ വെട്ടിതിരുത്തലുകൾ വരുത്തിയിരിക്കുന്നു.
2)രസീത് ബുക്കുകൾ നൽകുമ്പോൾ നീക്കിയിരിപ്പ് സ്റ്റോക്ക് രജിസ്റ്ററിൽ തെറ്റായാണ് രേഖപ്പെടുത്തുന്നത്.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| തീയതി | രസീത് ബുക്ക് നമ്പർ | കൈപ്പറ്റുന്ന വ്യക്തി | മുൻബാക്കി | നൽകിയ എണ്ണം | നീക്കീയിരിപ്പ് |
|---|---|---|---|---|---|
| 16/11/21 | 19363 | രമ്യ | 13 | 1 | 12 |
| 02/12/21 | 19364 | വെറ്ററിനറി സർജൻ | 10 | 1 | 10 |
| 06/12/21 | 19365 | വെറ്ററിനറി സർജൻ | 9 | 1 | 9 |
| 06/12/21 | 19366 | വെറ്ററിനറി സർജൻ | 8 | 1 | 8 |

16/11/21-ാം തീയതിയിൽ രസീത് ബുക്ക് നീക്കീയിരിപ്പ് 12 ആണ്.എന്നാൽ പിന്നീട് രസീത് ബുക്ക് നൽകിയത് 02/12/21 -ാം തീയതിയാണ് സ്റ്റോക്ക് രജിസ്റ്ററിൽ മുൻബാക്കി 10 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.06/12/21 ൽ യഥാർത്ഥ നീക്കീയിരിപ്പ് 9 ആണ് എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ 8 ആണ്.ഇങ്ങനെ നീക്കീയിരിപ്പ് വ്യത്യാസപ്പെടുത്തിയിരിക്കുന്നത് മൂലം നഷ്ടപ്പെട്ട രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്ററിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമായ മറുപടിയിൽ രസീത് ബുക്ക് നഷ്ടപ്പെട്ടത് സംബന്ധിച്ച കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് പോലീസ് സ്റ്റേഷനിൽ നിരവധി തവണ കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല എന്നും ഒരു രസീത് ബുക്ക് നഷ്ടപ്പെട്ടത് ഒഴിച്ച് മറ്റ് രസീത് ബുക്കുകളിൽ കുറവ് വന്നിട്ടില്ലാത്തതാണ് ഇനി ഇത്തരം തെറ്റുകൾ ആവർത്തിയ്ക്കാതെ ശ്രദ്ധപുലർത്തി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്താൻ ശ്രദ്ധിയ്ക്കുന്നതാണെന്നും അറിയിച്ചു.രസീത് ബുക്ക് നഷ്ടപ്പെട്ടത് സംബന്ധിച്ച കേസിന്റെ തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് .രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലും രസീത് ബുക്ക് സൂക്ഷിക്കുന്നതിലും ബന്ധപ്പെട്ട ഉദ്ധ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.
**ഓഡിറ്റ് എൻക്വയറി : 7/16.01.23**

## 1-12 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2020-21 വർഷം ലൈസൻസോടെ പ്രവർത്തിച്ച സ്ഥാപനങ്ങൾ 2021-22 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല.ടി സ്ഥാപനങ്ങൾ തൊഴിൽ നികുതിയും അടവാക്കിയിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു

| സീ.നം | കെട്ടിട നമ്പർ | ലൈസൻസിയുടെ മേൽവിലാസം | സ്ഥാപനം | ലൈസൻസ് | തൊഴിൽ നികുതി |
|---|---|---|---|---|---|
| 1 | VII/556 | കെ.ചന്ദ്രപ്രസാദ്,സൌപർണ്ണിക,കക്കാകുന്ന് പി.ഒ | വേണാട് പൌൾട്രി ഫാം,ഇടിക്കണ്ട ജംഗ്ഷൻ | 500 | 2500 |
| 2 | VIII/65-65 | ബി.മോഹന ചന്ദ്രൻ നായർ,ഹരിശ്രീ,കൊച്ചുപിലാംമൂട് | പ്രശാന്തി കാഷ്യൂ കമ്പിനി ,മലനട | 500 | 2500 |

| | | | | | |
|---|---|---|---|---|---|
| 3 | X/35-38 | ഷിഹാബുദ്ദീൻ റാവുത്തർ,തോണ്ടലിൽ വീട് | ഷിഹാബുദ്ദീൻ സാമിൽ | 500 | 2500 |
| 4 | XIV/345 | ശശിധരക്കുറുപ്പ്,പരിമണത്ത് | പരിമണത്ത് പ്രിന്റിങ് | 200 | 1500 |
| 5 | XVIII/274-278 | ദീപാ അജിത് | മീനം കാഷ്യൂസ് | 500 | 2500 |
| 6 | I/463 | ത്യാഗി ,ലക്ഷ്മി വിലാസം,വടക്കേമുറി | മലയിൽ ഹാർഡ്വെയേഴ്സ് | 500 | 2500 |
| 7 | II/594 | സ്വപ്ന ആർ നായർ,ലക്ഷ്മി നിവാസ് | റിക്കീസ് ഡിജിറ്റൽ സ്റ്റുഡിയോ & മൊബൈൽസ് | 300 | 2500 |
| 8 | XIV/340 | ലൈജു ഹനീഫ,ചരുവിള താഴെ തുണ്ടില്,കമ്പലട | കാത്തൂസ് ബേബി ഷോപ്പ് | 200 | 900 |
| | | | ആകെ | 3200 | 17400 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ 22-23 വർഷത്തിലും പ്രവർത്തിച്ചിരുന്നു എങ്കിൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ,തൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.
എൻക്വയറി നം-9/17-1-23

## 1-13 പി.എച്ച്.സി ലെ ആംബുലൻസ് വാടക വരവ് ഒടുക്കിയതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടില്ല

പോരുവഴി ഗ്രാമ പഞ്ചായത്ത് പി.എച്ച്.സി യിലേക്ക് എം.പി യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ച ആംബുലൻസിന്റെ ചെലവുകൾ ഗ്രാമ പഞ്ചായത്ത് വഹിക്കുന്നതിന് 16.7.2021-ാം തീയതിയിലെ 7(1) നമ്പർ പ്രകാരം അംഗീകരിച്ച് തീരുമാനിച്ചതിനനുസൃതമായി 2021-22 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി 189/22, പി.എച്ച്.സി ലെ ആംബുലൻസ് ഡ്രൈവറുടെ വേതനവും അനുബന്ധ ചെലവുകളും പ്രകാരം 82066 /- രൂപ ചെലവ് ചെയ്തിട്ടുണ്ട്. ആംബുലൻസ് വാടക നിരക്ക് സംബന്ധിച്ച് തീരുമാനങ്ങൾ ഗ്രാമ പഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. പരിശോധനക്ക് ഹാജരാക്കിയ രസീത് ബുക്ക് പ്രകാരം ആംബുലൻസ് 4.2.22 മുതൽ വാടകയ്ക്ക് നൽകുന്നുണ്ട്. 4.2.22 മുതൽ 23.6.22 വരെയുള്ള വരവ് വിവരങ്ങളാണ് പരിശോധനക്ക്ഹാജരാക്കിയിട്ടുള്ളത്. 24.6.22 മുതൽ വരവ് രേഖപ്പെടുത്തിയ രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ രസീത് ബുക്കും ലോഗ് ബുക്കും തമ്മിൽ ഒത്ത് നോക്കിയതിൽ രണ്ട് യാത്രയുടെ വാടക ,രസീത് പ്രകാരം വരവ് വന്നിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| സീരി.നം | തീയതി | യാത്ര | ഓടിയ ദൂരം(കി.മീ) |
|---|---|---|---|
| 1 | 21-04-22 | തിരുവനന്തപുരം മെഡിക്കൽ കോളേജ് തിരികെ | 202 |
| 2 | 15-05-22 | THQH ശാസ്താംകോട്ടയിൽ ആക്കി തിരികെ | 23 |

ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 15.7.2022-ാം തീയതിയിലെ 12(1) നമ്പർതീരുമാന പ്രകാരം സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ ,ചക്കുവള്ളി യിലെ സംയുക്ത അക്കൌണ്ടിലാണ് ആംബുലൻസിന്റെ വരവ് ഒടുക്കുന്നത്. 4.2.22 മുതൽ 30.7.22 വരെയുള്ള ആംബുലൻസിന്റെ വാടക വരുമാനം 110010 രൂപ 30.7.22 ലാണ് ഒടുക്ക് വരുത്തിയിട്ടുള്ളത്.ക്യാഷ് ബുക്ക് 30.7.22 മുതലാണ് പരിപാലിക്കുന്നത് .പരിശോധനക്ക് ഹാജരാക്കിയ രസീത് ബുക്കിൽ 23.6.22 വരെയുള്ള വരവ് ആണ് ഉള്ളത്.ആയതിനാൽ 30.7.22 വരെയുള്ള വാടക വരവ് 110010 രൂപ അക്കൌണ്ടിൽ ഒടുക്കുവരുത്തിയതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടില്ല. 30.7.22 വരെയുള്ള വാടക വരവ് ഒടുക്കിയതിന്റെ കൃത്യത ബോദ്ധ്യപ്പെടുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.വാടക വരവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്തി ,വരവ് തുക അടുത്ത ദിവസം തന്നെ അക്കൌണ്ടിൽ ഒടുക്കുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 പത്താംതരം തുല്യത, ഹയർ സെക്കണ്ടറി തുല്യത കോഴ്സുകൾക്കായി കോഴ്സ് ഫീസ് ഇനത്തിൽ ചെലവഴിച്ച 15400/-രൂപയുടെ ചെലവ് നിരാകരിക്കുന്നു-രേഖകളുടെ അഭാവത്തിൽ ബാക്കി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഹെഡ് മിസ്ട്രസ്സ് നിർവ്വഹിച്ച പ്രോജക്റ്റുകൾ പരിശോധിച്ചതിൽ പ്രോജക്റ്റ് നം.37 പ്രകാരം പത്താംതരം തുല്യത, ഹയർ സെക്കണ്ടറി തുല്യത കോഴ്സുകൾക്ക് രജിസ്ട്രേഷൻ ഫീസും കോഴ്സ് ഫീസും അനുവദിച്ചിട്ടുണ്ട്.

പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കോഴ്സ് | കോഴ്സ് ഫീ | രജിസ്ട്രേഷൻ ഫീ | പഠിതാക്കളുടെ എണ്ണം | ആകെ ഫീസ് | ചെക്ക് നം.,തീയതി ഫണ്ട് ഇനം |
|---|---|---|---|---|---|
| പത്താംതരം തുല്യത | ₹1550/- | ₹300/- | 6 | ₹11,100/- | 4598691/ 30.03.22 **തനത്** |
| ഹയർസെക്കണ്ടറി തുല്യത | ₹2200/- | ₹300/- | 9 | ₹22,500/- | ,, |

**ആകെ ചെലവ് തുക ₹33,600/-**

പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(I) പഠിതാക്കൾ കോഴ്സുകൾ അറ്റന്റു ചെയ്തതിന്റെയും പരീക്ഷ എഴുതിയതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(Ii) എസ് സി വിഭാഗത്തിലെ പഠിതാക്കൾക്ക് കോഴ്സ് ഫീസിന് ഇളവ് അനുവദിച്ചിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ഒടുക്കേണ്ടിയിരുന്നില്ല.

എന്നാൽ താഴെ പറയുന്ന എസ് സി വിഭാഗത്തിലെ പഠിതാക്കൾക്കും കോഴ്സ് ഫീസ് ഇനത്തിൽ തുക ഒടുക്കിയിട്ടുള്ളതായി കാണുന്നു.

| ക്രമ നം | പേര് ശ്രീ/ ശ്രീമതി | കോഴ്സ് | ആപ്ലിക്കേഷൻ നം | ഒടുക്കിയ ഫീസ് ₹ | അധികമായി ഒടുക്കിയ ഫീസ് ₹ |
|---|---|---|---|---|---|
| 1 | അനന്ദു ആർ | പന്ത്രണ്ടാം തരം തുല്യത | 256150/12.02.20 | 2,500 | 2,200 |
| 2 | സിന്ധു ആർ | പന്ത്രണ്ടാം തരം തുല്യത | 358369/12.02.21 | 2,500 | 2,200 |
| 3 | രാജേഷ് ആർ | പന്ത്രണ്ടാം തരം തുല്യത | 358848/12.02.21 | 2,500 | 2,200 |
| 4 | മനോജ് എസ് | പന്ത്രണ്ടാം തരം തുല്യത | 361662/12.02.21 | 2,500 | 2,200 |
| 5 | രാഖി എൻ വി | പന്ത്രണ്ടാം തരം തുല്യത | 365444/12.02.21 | 2,500 | 2,200 |
| 6 | ബിന്ദു ഒ | പന്ത്രണ്ടാം തരം തുല്യത | 361945/12.02.21 | 2,500 | 2,200 |
| 7 | ബിന്ദു ആർ | പന്ത്രണ്ടാം തരം തുല്യത | 362126/12.02.21 | 2,500 | 2,200 |

പ്രസ്തുതകോഴ്സിന്റെ പ്രോസ്പക്ടസ് പ്രകാരംഎസ്.സിവിദ്യാർത്ഥികൾക്ക്കോഴ്സ്ഫീസിന് ഇളവുണ്ട്.ഈമാർഗ്ഗ നിർദ്ദേശത്തിനു വിരുദ്ധമായി കോഴ്സ് ഫീസ് അനുവദിച്ചതിനുള്ള കാരണം വിശദീകരിക്കുന്നതിനു നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പ് (നം. 04/2021-22 15.01.23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആകെ ചെലവഴിച്ച ₹33,600/-ൽ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി അധികമായി നടത്തിയ ₹15,400/-ടെ ചെലവ് നിരാകരിക്കുകയും രേഖകളുടെ അഭാവത്തിൽ ബാക്കി ₹18,200/- ടെ ചെലവ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

പഠിതാക്കൾ കോഴ്സ് അറ്റന്റുചെയ്ത് പരീക്ഷ എഴുതിയതിന്റെരേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

അധികമായി അനുവദിച്ച തുകയായ ₹15,400/- നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ് മിസ്ട്രസ്സിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-4/15-1-23 നിരാകരിച്ച തുക-15400/-

തടസ്സപ്പെടുത്തുന്ന തുക-18200/-

## 1-15 മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല മുൻകൂറായി നൽകിയ 18083 /-രൂപ യുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

പദ്ധതി നമ്പർ - Soo46/22,പാലീയേറ്റീവ് കെയർ
നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ,പി.എച്ച്.സി
അടങ്കൽ-6,4,2000/- രൂപ(വികസന ഫണ്ട്-400000/-,ബ്ലോക്ക് ഷെയർ-200000/-,തനത് ഫണ്ട്-42000/-)
ചെലവ് - 5,56,580/- രൂപ(വികസന ഫണ്ട്-316590/-,ബ്ലോക്ക് ഷെയർ-200000/-,തനത് ഫണ്ട്-39990/-)
പെർഫോമ ഇൻവോയിസ്-PRF 4596/3-01-22

ടി പദ്ധതി പ്രകാരമുള്ള പാലീയേറ്റീവ് കെയർ പ്രവർത്തനത്തിൽ KMSCLൽ നിന്നും മരുന്ന് വാങ്ങുന്നതിനായി ബ്ലോക്ക് വിഹിതമായി ചെലവഴിച്ച 200000/-രൂപയിൽ ( ബിൽ നം.13/22, തീ.12.1.22) 181917/-രൂപയുടെ മരുന്ന് ലഭിച്ചത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി .അവശേഷിക്കുന്ന 18083/-രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. ആയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.മുൻകൂറായി തുക നൽകിയിട്ടും മരുന്നുകൾ നാളിതുവരെ KMSCL വിതരണം നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ മരുന്നുകൾ വിതരണം നടത്താൻ അവശേഷിക്കുന്ന 18083/-രൂപയുടെ ചെലവ് തടസ്സത്തിൽ വക്കുന്നു.18083/-രൂപയുടെ മരുന്ന് ലഭ്യമായി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിപരാമർശം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ-14/18-1-23
തടസ്സപ്പെടുത്തിയ തുക-18083/-രൂപ

## 1-16 വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ ഗ്ലൂക്കോമീറ്റർ വാങ്ങുന്നതിനായി ചെലവഴിച്ച 99879/-രൂപ തടസ്സത്തിൽ വയ്ക്കുന്നു

പദ്ധതി നമ്പർ - Soo52/22,വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ വാങ്ങി നൽകൽ
നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ,പി.എച്ച്.സി
അടങ്കൽ-1,0,0000/- രൂപ (തനത് ഫണ്ട്)
ചെലവ് - 99879/- രൂപ
പെർഫോമ ഇൻവോയിസ്-PRF 4601/3-01-22

ടി പദ്ധതി പ്രകാരം വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ വാങ്ങുന്നതിനായി 99879/-രൂപ ( ചെക്ക് നം.789401, തീ.22.2.22) KMSCL ന് നൽകി.ഇൻവോയിസ് നമ്പർ- 4379/28-02-22 പ്രകാരം 271 ഗ്ലൂക്കോമീറ്റർ ലഭ്യമായി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി. 271 ഗ്ലൂക്കോമീറ്ററും ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകിയതായിട്ടാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.ആയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ ഗ്ലൂക്കോമീറ്റർ വാങ്ങുന്നതിനായി ചെലവഴിച്ച 99879/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.അർഹതപ്പെട്ട വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-14/18-1-23
തടസ്സപ്പെടുത്തുന്ന തുക-99879/-രൂപ

## 1-17 മൈനർ ഡിഫക്ട് പരിഗണിക്കാതെ റീടെണ്ടർ -കൂടിയ നിരക്കിൽ ടെണ്ടർ അനുവദിച്ചതിനാൽ സർക്കാർ ഫണ്ടിന് നഷ്ടം

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ 6 മരാമത്ത്പ്രവൃത്തികളിൽ 31.08.2021 ൽ നടന്ന ടെണ്ടറിൽ കരാറുകാരൻ പ്രിലിമിനറി കരാറിൽ ഒപ്പുവയ്ക്കാത്തതിനാൽ റീടെണ്ടർ ചെയ്തു. ശ്രീ. സുധൻ എന്ന കരാറുകാരൻ നിരക്ക് ക്വാട്ട് ചെയ്ത പ്രവൃത്തികളാണ് റീടെണ്ടർ ചെയ്തത്. ഇതിൽ 4 പ്രവൃത്തികൾ റീടെണ്ടർ ചെയ്തപ്പോൾ കൂടിയ നിരക്കിൽ ടെണ്ടർ അനുവദിക്കേണ്ടതായി വന്നു.

31.08.2021 ൽ നടന്ന ഇ-ടെണ്ടറിൽ 6 മരാമത്ത്പ്രവൃത്തികളിൽ തുക ക്വാട്ട് ചെയ്ത കരാറുകാരനായ ശ്രീ. സുധൻ എന്നയാൾ പ്രിലിമിനറി എഗ്രിമെന്റിൽ ഒപ്പിടാതെ ടെണ്ടർ അപ് ലോഡ് ചെയ്തതിനാൽ ടി പ്രവൃത്തികളിലെ തുടർനടപടി തീരുമാനം സംബന്ധിച്ച് കൊല്ലം ജില്ലാ പഞ്ചായത്ത് LID&EW എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 16.09.2021 ലെ 4(9) തീരുമാനപ്രകാരം കത്ത് നൽകി. ടി കത്തിനുള്ള 26.10.2021 ലെ മറുപടിയിൽ പറയുന്നത് സർക്കാർ മാനദണ്ഡപ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്ക് തീരുമാനമെടുക്കാമെന്നാണ്. 05.11.2021 ൽ നടന്ന കമ്മിറ്റിയിൽ ,ടി വിഷയത്തിൽ സെക്രട്ടറി യുടെ അഭിപ്രായം ടിയാൻ ഹാർഡ് കോപ്പിയിൽ ഒപ്പിട്ടാണ് സമർപ്പിച്ചിട്ടുള്ളത് എന്നതിനാലും PWD MANUAL C12009.2 ൽ മൈനർ ഡിഫക്ടസ് ഉണ്ടെങ്കിൽ ആയത് ഗവൺമെന്റിന് നഷ്ടം വരാത്ത സാഹചര്യത്തിലാണെങ്കിൽ അംഗീകരിച്ച് നൽകാമെന്നു നിഷ്കർഷിക്കുന്നതായും മേൽ അപാകത മൈനർ ഡിഫക്ടായി പരിഗണിച്ച് ടെണ്ടർ അംഗീകരിച്ച് നൽകാവുന്നതാണെന്നും അസി.എഞ്ചിനീയർ കമ്മിറ്റിക്ക് രേഖാമൂലം കത്ത് നൽകിയിട്ടുള്ളതായും സെക്രട്ടറി കമ്മിറ്റിയെ ബോധിപ്പിച്ചു. എന്നാൽ ടി തീരുമാനം പരിഗണിക്കാതെയും സർക്കാർ മാനദണ്ഡപ്രകാരം പ്രകാരം നഷ്ടം വരുന്ന രീതിയിലുമാണ്റീ ടെണ്ടർ ചെയ്തപ്പോൾ 6 വർക്കിൽ 4വർക്കുകൾക്ക് ചെലവ് വന്നിട്ടുള്ളത്.

(1) മണ്ണാറോഡ് കണ്ണങ്കരമാവിള റോഡ് മെയിന്റനൻസ് (84/21-22)

ആദ്യ ടെണ്ടർ 9,30,514.24/- (എൽ.1- സുധൻ.ജി )

റീടെണ്ടർ 9,38,303/- (എൽ.1- ബൈജു. എം. (ന്യൂസെയ്ഫ് കൺസ്ട്രക്ഷൻ)

(2) പൊതുജല സ്രോതസ്സുകളുടെ നവീകരണം ( 181/22)

ആദ്യ ടെണ്ടർ 6,72,781.80/- (എൽ.1 -സുധൻ.ജി )

റീടെണ്ടർ 7,88,202.46/- (എൽ.1 -സുധൻ.ജി )

(3) മീനത്തേൽ കുളം റോഡ് ഓടനിർമ്മാണം (112/21-22)

ആദ്യ ടെണ്ടർ 4,87,456/- (എൽ.1 -സുധൻ.ജി )

റീടെണ്ടർ 5,83,005.27/- (10% ടെണ്ടർ കൂടുതൽ) (എൽ.1 -സുധൻ.ജി )

(4)കമ്പലടി.എൽ.പി.എസ്.-പാണ്ടികുളം റോഡ് ഓട നിർമ്മാണം.(117/21-22)

ആദ്യ ടെണ്ടർ 3,79,647.58/- (എൽ.1-നസീർ.കെ.എസ് )

റീടെണ്ടർ 4,84,737.09/- (10% ടെണ്ടർ കൂടുതൽ) ( എൽ.1- നസീർ.കെ.എസ്)

ഇത് സംബന്ധിച്ചു നൽകിയ അന്വേഷണകുറിപ്പിന് അസി.എഞ്ചിനീയർ ഹാജരാക്കിയ മറുപടിയിൽ പറയുന്നത് അദ്ദേഹത്തിന്റെ മറുപടി പരിഗണിക്കാതെ മേല്പടി പ്രവൃത്തികളുടെ റീടെണ്ടർ ക്ഷണിക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റി 5.11.2021 തീയതിയിൽ 2(9) പ്രകാരം തീരുമാനമെടുത്തതിനാൽ നിർവ്വഹണോദ്യോഗസ്ഥയായ അസി.എഞ്ചിനീയർക്ക് മേൽ സൂചിപ്പിച്ച

പ്രവൃത്തികൾക്ക് റീ-ടെണ്ടർ ചെയ്യേണ്ടിവന്നുവെന്നും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവെന്നുമാണ്.

മൈനർ ഡിഫക്ട്സിന്റെ പരിധിയിൽ വരുന്ന കാര്യം അസി. എഞ്ചിനീയറുടെ മറുപടി കണക്കിലെടുക്കാതെ സർക്കാർ ഫണ്ടിന് നഷ്ടം വരുന്ന രീതിയിൽ

കമ്മിറ്റി തീരുമാനപ്രകാരം ടെണ്ടർ ചെയ്ത നടപടി പൊതുമരാമത്ത് മാന്വൽ പ്രകാരം ശരിയായ നടപടിയല്ല. ഉദ്യോഗസ്ഥരുടേയും പഞ്ചായത്ത് ഭരണ സമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ .2/2021-22

13.01.2023

## 1-18 തൊഴിലുറപ്പ് പദ്ധതി -ഫയൽ സൂക്ഷിക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വർക്ക് ഫയലുകൾ പരിശോധിച്ചതിൽ ഗുരുതരമായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

(1)2021-22 ൽ നിർവ്വഹണം നടത്തപ്പെട്ട എല്ലാ ഫയലുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

തൻവർഷം നടപ്പിലാക്കിയ 183 വർക്കുകളിൽ 28 വർക്ക് ഫയലുകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.

(2) മെഷർമെന്റ് ബുക്കുകളിൽ അക്രഡിറ്റഡ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല

പരിശോധിച്ച ഫയലുകളിൽ ഉൾപ്പെടുന്ന ഭൂരിഭാഗം മെഷർമെന്റ് ബുക്കുകളിലും ഓവർസിയറുടെ അളവുകൾ സമ്മതിച്ച് അക്രഡിറ്റഡ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തൽ നടത്തി ആധികാരികമാക്കിയ രേഖകൾ ഇല്ല.ടി. അളവുകൾക്ക് സെക്രട്ടറി തുക അനുവദിച്ചിട്ടുണ്ട്.

ഉദാ. WC/436322

LD/379629

IF/542438

IF/528850

IF/521013

(3) മെഷർമെന്റ് ബുക്കിൽ എസ്റ്റിമേറ്റ് പ്രകാരം ലിമിറ്റ് ചെയ്യേണ്ട വർക്കിന്റെ വിശദാംശം രേഖപ്പെടുത്തുന്നില്ല.

എസ്റ്റിമേറ്റ് പ്രകാരം ലിമിറ്റ് ചെയ്യേണ്ട വർക്കിന്റെ വിശദാംശം മെഷർമെന്റ് ബുക്കുകളിൽ രേഖപ്പെടുത്താത്തതിനാൽ ചെയ്ത ഓരോ ഇനം വർക്കും എസ്റ്റിമേറ്റിൽ ലിമിറ്റ് ചെയ്തിട്ടുണ്ടോ എന്നറിയുന്നതിന് ഡീറ്റെയിൽഡ് എസ്റ്റിമേറ്റിനെ ആധാരമാക്കേണ്ടിവരുന്നു.

(4) സെക്രട്ടറി എഫ്.ടി.ഒ ചെയ്യുന്ന തുകയുടെ ആധികാരികത വ്യക്തമല്ല.

മെഷർമെന്റ് ബുക്കുകളിൽ ഓരോ പാർട്ട് പേയ്മെന്റിന്റേയും കൺസോളിഡേഷൻ എഴുതി സൂക്ഷിക്കുന്നില്ല.ഫൈനൽ ബിൽതയ്യാറാക്കി അധികാരപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല. ഇത്തരം സാഹചര്യത്തിൽ സെക്രട്ടറിയുടെ പേയ്മെന്റിന്റെ ആധികാരികത പരിശോധിക്കാൻ കഴിയില്ല.

(5) അസി.സെക്രട്ടറി സൈറ്റ് പരിശോധന നടത്തിയ രേഖപ്പടുത്തലുകൾ മെഷർമെന്റ് ബുക്കുകളിൽ ഇല്ല.

അസി. സെക്രട്ടറി സൈറ്റ് പരിശോധനകൾ നടത്തിയതിന് തെളിവായിട്ടുള്ള രേഖപ്പെടുത്തലുകൾ ഒന്നും മെഷർമെന്റ് ബുക്കുകളിൽ ഇല്ല.

(6) ഫൈനൽ ബിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല.

ഫൈനൽ ബിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ സെക്രട്ടറിയുടെ പേയ്മെന്റിന്റെ ആധികാരികത വ്യക്തമല്ല.

(7) മസ്റ്റർ റോളുകളിൽ തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നില്ല.

പരിശോധിക്കപ്പെട്ട സ്കിൽഡ് /സെമിസ്കിൽഡ് മസ്റ്റർ റോളുകളിൽ പലതിലും തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്താതെ ഹാജർ കൂട്ടിയെഴുതി പേമെന്റ് നടത്തിയിരിക്കുന്നു.

(8) ഓരോ ഇനം പ്രവൃത്തിയും ചെയ്ത തീയതി എം.ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

മെഷർമെന്റ് ബുക്കുകളിൽ ഭൂരിഭാഗം ബുക്കുകളിലും ബുക്ക് നമ്പർ, ഓരോ ഇനം പ്രവൃത്തിയും ചെയ്ത തീയതി, എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

(9) ചെലവിന്റെ എഫ്.ടി.ഒ എല്ലാം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഓരോ പ്രവൃത്തിയുടേയും ചെലവിന്റെ ഫണ്ട് ട്രാൻസ്ഫർ ഓർഡർ ചെയ്തതിന്റെ വിശദാംശം ഫയലിൽ സൂക്ഷിക്കുന്നില്ല.

(10) പ്രവൃത്തിയിൽ ഉപയോഗിച്ച മെറ്റീരിയലിന് ആനുപാതികമായ ചെലവ് കണക്കാക്കിയതിന്റെ രേഖപ്പടുത്തൽ ഫയലുകളിൽ ഇല്ല.

വിദഗ്ദ,അർദ്ധവിദഗ്ദ തൊഴിലുകളിൽ ഉപയോഗിച്ച സാധനഘടകം ചെലവിന് ആനുപാദികമായാണ് ഉപയോഗിക്കപ്പെട്ടത് എന്നതിന് ആധികാരികമായ രേഖപ്പെടുത്തലുകൾ മെഷർമെന്റ് ബുക്കുകളിൽ രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം അടിയന്തിരമായി ലഭ്യമാക്കേണ്ടതിന് നല്കിയ അന്വേഷണകുറിപ്പിന് മറുപടി അപാകതകൾ നിലനിൽക്കുന്നവയാണെന്നും ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണെന്നുമാണ്. അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 8/2021-22

16.01.2023

## 1-19 പാടശേഖരസമിതിക്ക് ട്രാക്ടറ്-ട്രാക്ടറിന്റെ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല.

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി വെൺക്കുളം പാടശേഖര സമിതിക്ക് കൈകോയിൽനിന്നുംട്രാക്ടർ വാങ്ങുന്നതിനായി 939999- (ജില്ലാപഞ്ചായത്ത് വിഹിതം845999-ബിൽനം 14/21-3-22രൂപ, ഗുണഭോക്തൃവിഹിതം 94000/-ട്രാൻസ്ഫർക്രെഡിറ്റ്) രൂപ തൻ വർഷം ചെലവഴിച്ചിട്ടുണ്ട്.എന്നാൽ വാഹനത്തിന്റെ രജിസ്ട്രേഷൻ രേഖകൾ ,ഇൻഷുറൻസ് രേഖകൾ ആസ്തിയിലുൾപ്പെടുത്തിയതിന്റെ രേഖകൾഎന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.പാടശേഖരസമിതിയുമായുള്ള കരാർ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.കൃഷി ഓഫീസ് മുഖേന പാടശേഖരസമിതികൾക്ക് വാങ്ങി നല്കുന്ന യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസറുടെ പേരിലായിരിക്കണമെന്ന വ്യവസ്ഥയുള്ളതിനാൽ മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കുന്നത് വരെ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 939999/രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം 10/17-1-23,

തടസ്സപ്പെടുത്തിയ തുക-939999/-

## 1-20 സബ്സിഡി മാർഗ്ഗരേഖാനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി.

സർക്കാർ ഉത്തരവ് (കൈ)നം. 22/2018 തസ്വഭവ/തീയതി.14.2.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം കർഷകർക്ക് ജൈവവളം,പച്ചിലവളം,കുമ്മായം ,ഡോളമൈറ്റ് ,രാസവളം എന്നിവയ്ക്ക് മാത്രമാണ് ലോക്കൽ പർച്ചേസിന് അനുമതിയുള്ളത്.( **ഖ 6.1.1,ഖ6.1.2).സബ്സിഡി മാർഗ്ഗരേഖ ഖ.6..1.4ൽ ഉൾപ്പെട്ട വിളകളുടെ / വിത്തുകളുടെ വിതരണം (ഖ.6..1.4നെല്ല്,പച്ചക്കറി,ഭക്ഷ്യവിളകളുടെ വിത്തുകൾ/പച്ചക്കറി തൈകൾകിഴങ്ങ് വർഗ്ഗങ്ങൾ,വാഴ,ടിഷ്യുകൾച്ചർ വാഴ,കുരുമുളക് തൈകൾ)കൃഷി ഭവൻ/ ഇക്കോഷോപ്പ് മുഖേന നടത്തണംഎന്നാണ് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളത്.എന്നാൽ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയചുവടെചേർക്കുന്ന വാഴകൃഷി വികസനം പദ്ധതികളിലും കർഷകർ നേരിട്ട് വാങ്ങിയ വാഴക്കന്നിന്റെ വിലയുടെ സബ്സിഡി കർഷകന് ബാങ്ക് അക്കൗണ്ട് മുഖേന നല്കിയിരിക്കുകയാണ്.എന്നാൽ ഗുണഭോക്താക്കൾ നേരിട്ട് വാഴക്കന്ന് വാങ്ങിയതിന്റെ രേഖകൾ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.പ്രസ്തുത പദ്ധതികളുടെ വിവരവും പദ്ധതി നടത്തിപ്പിലെ മറ്റ് അപാകതകളും ചുവടെ ചേർക്കുന്നു.**

| | പദ്ധതി നം,പേര് | ചെലവഴിച്ച തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | പ്രോ നം 39/22 വാഴകൃഷി വികസനം ജനറല് വികസനഫണ്ട്600000-,ഗു.വി നേരിട്ട്150000- | 479400/- (ബിൽ നം 8/29-1-22 തുക 103200-ബിൽ നം 3/16-11-21 തുക 376200/- , | **407 ഗുണഭോക്താക്കൾക്കായി 479400-രൂപ സബ്സിഡി വിതരണം ചെയ്തിട്ടുണ്ട് .എന്നാൽ 115 ഗുണഭോക്താക്കളുടെ അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്** |
| 2 | പ്രോ നം 43/22 **വാഴകൃഷി വികസനം എസ്.സി.പി** | 174000/-(ബിൽ നം 13/27-3-21 തുക 34200/-,ബിൽ നം 5/25-1-22 തുക 93000/-,ബിൽ നം 4/16-11-21 തുക 46800/- | **34200/- രുപയുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.** |
| **3** | **പ്രോ നം 197/22വാഴകൃഷി വികസനം ജനറൽ (സ്പിൽ ഓവർ)** | 150000-ബിൽ നം 6/25-1-22 | **തുക പിൻവലിച്ച് ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.ഗുണഭോക്താക്കളുടെ അപേക്ഷകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.** |

.

**മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹിച്ചതിനാൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച 803400/-രൂപ തടസ്സപ്പെടുത്തുന്നു.മേൽ**

**പദ്ധതി നടത്തിപ്പിന് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.**

എൻക്വയറി നം 10/17-1-23,

**തടസ്സപ്പെടുത്തിയ തുക-803400/-**

**1-21 വെറ്റില കൃഷി വികസനം-പദ്ധതി നിർവ്വഹണരേഖകൾ ഹാജരാക്കിയില്ല.**

**പ്രോ നം 68/22 വെറ്റില കൃഷി വികസനം ചെലവ് 62349//-(ബിൽ നം 10/24-2-22)**

**കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ വെറ്റിലകൃഷിക്ക് ജൈവവളം വാങ്ങിയതിനുള്ള സബ്സിഡിയായി 62349/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നല്കിയതിന്റെ ട്രഷറി ബിൽ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.ഗുണഭോക്താക്കളുടെ അപേക്ഷകളോജൈവവളം വാങ്ങിയതിന്റെ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ചെലവ് രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 62349/- രൂപ തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.**

എൻക്വയറി നം 10/17-1-23,

**തടസ്സപ്പെടുത്തിയ തുക-62349/-**

**1-22 പശുവളർത്തൽ പദ്ധതി -സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല.**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്റ്റ് നം | 55/22 പശു വളർത്തൽ വനിത |
| അടങ്കൽ തുക | ആകെ-1980000/-രൂപ<br>(990000/-(വികസനഫണ്ട് ജനറൽ),<br>ഗുണഭോക്തൃവിഹിതം-990000/-) |
| ചെലവഴിച്ച തുക | ആകെ-1980000/-രൂപ<br>(വികസനഫണ്ട് ജനറൽ -990000/--<br>(ബിൽ നം 5/16-11-21, 275000/-<br>ബിൽ നം 6/24-11-21, 192500/-<br>ബിൽ നം 7/27-11-21, 110000/-<br>ബിൽ നം 12/13-1-22, 247500/-<br>ബിൽ നം 15/13-1-22, 82500/-<br>ബിൽ നം 20/22-1-22, 55000/-<br>ബിൽ നം 19/13-1-22, 27500/-<br>ഗു. വി .തുക -990000/-രൂപ<br>പശുവിനെ നല്കിയ വ്യക്തികളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്നു. |

വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി വഴി 36 ഗുണഭോക്താക്കൾക്ക് 27500/- രൂപ സബ്സിഡി ധനസഹായവും 27500/-രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 55000/-രൂപ നിരക്കിൽ പശുക്കളെ വാങ്ങി ഇൻഷ്വർ ചെയ്യിപ്പിച്ചു നല്കിയിട്ടുണ്ട്. 36 ഗുണഭോക്താക്കളും ആനുകൂല്യം ലഭിച്ച പശുവിനെ നല്ല രീതിയിൽ വളർത്തുമെന്നും **സ്വന്തമായി തൊഴുത്ത് നിർമ്മിച്ചിട്ടുണ്ടെന്നും**3 വർഷത്തിനുള്ളിൽ പശുക്കളെ കൈമാറ്റം നടത്തുകയില്ലെന്നും **അല്ലാത്തപക്ഷം സരക്കാരിനുള്ള നഷ്ടം സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നുംഈടാക്കാവുന്നതാണെന്നും വെറ്ററിനറി സർജനുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.**. മേൽ പദ്ധതിയുടെ അപേക്ഷകളുടെ പരിശോധന, ഫയൽപരിശോധന, സ്ഥല പരിശോധന (അനുബന്ധരേഖകൾ നോട്ട് ഫയലിനോടൊപ്പം)എന്നിവ പ്രകാരം കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.കുടുംബാംഗങ്ങളിൽ നിന്നും പശുവിനെ വാങ്ങിയതിന് സബ്സിഡി നല്കിയിരിക്കുന്നു.

മേൽ പ്രോജക്റ്റിന്റെ അപേക്ഷകൾ, പശുവിനെ ഗുണഭോക്താവിന് വിറ്റ വ്യക്തിയുടെ വിവരങ്ങള്എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന രണ്ട് ഗുണഭോക്താക്കളും കുടുംബാംഗങ്ങളിൽ നിന്നും പശുവിനെ വാങ്ങിയതായി രേഖകൾ ഹാജരാക്കി ആനുകൂല്യം കൈപ്പറ്റിയിരിക്കുകയാണെന്ന് ബോധ്യപ്പെട്ടു . വിശദവിവരം ചുവടെ ചേർക്കുന്നു.

| | ഗുണഭോക്താവിന്റെ പേര്, വിലാസം, | പശുവിനെ നല്കിയ വ്യക്തിയുടെ | നല്കിയ സബ്സിഡിതുക/ | റിമാർക്ക്സ് |
|---|---|---|---|---|
| | | | | |

| | | വിലാസം , റേഷൻ കാർഡ് നം | പശുവിന്റെ ഇയർ ടാഗ് നം | |
|---|---|---|---|---|
| 1 | ഫാത്തിമബീവി,ഷെ രഫിദ്ദീൻകാഞ്ഞിരവി ള പുത്തൻ വീട്,പോരു വഴി.വാർഡ് 15, R.C.No.1211008972 | ഷെമി.എസ്, കാഞ്ഞിരവിള പുത്തൻ വീട്,പോരുവഴി. R.C.No.1211008972 (നിലവിലെ അഡ്രെസ്സ് ചക്കിട്ടയിൽ പുത്തൻ വീട് ,കന്നിമേൽ വള്ളികുന്നം ,ആലപ്പുഴ) | 27500/- ഇയർ ടാഗ് നം.420050/379031 | ഒരേ റേഷൻകാർഡിലുൾപ്പെട്ടതും മകളുമായ ഷെ മിയിൽ നിന്നും പശുവിനെ വാങ്ങിയതായി രേഖകൾ ഹാജരാക്കി സബ്സിഡി കൈപ്പറ്റി. |
| 2 | രാഖിരാജജേന്ദ്രൻ ,അജികുമാർ,അജിഭവനം, അമ്പലത്തുംഭാഗം,വാർഡ് 12, ആധാർകാർഡ് നം 697034089843,ആധാർ കാർഡിലെ അഡ്രസ് രാഖിരാജജേന്ദ്രൻ ,അജികുമാർ,രാഹുൽഭവനം പേരയം,മുളവന പി.ഒ കൊല്ലം | രാജേന്ദ്രൻ പിള്ള.ഡി,രാഹുൽഭവനം പേരയം,മു ളവന.പി.ഒ കൊല്ലം,ആധാർകാർഡ് നം 958595570565 | 27500/- 420050/378665 | രാഖിരാജജേന്ദ്രൻ ും പിതാവിൽ നിന്നുംപശുവിനെ വാങ്ങിയതായുള്ള രേഖകൾ ഹാജരാക്കി സബ്സിഡി ആനുകൂല്യം കൈപ്പറ്റി. |

മേൽ പശുവിനെ വാങ്ങൽ ഒരേ കുടുംബത്തിലെ വ്യക്തികൾ തമ്മിലുള്ള പശുവിനെ കൈമാറ്റമായതിനാലുംപദ്ധതിയുടെ അടിസ്ഥാനലക്ഷ്യമായ പാലുൽപ്പാദനം വർദ്ധിപ്പിക്കുക (പുതുതായി പശുവിനെ വാങ്ങിയിട്ടില്ല), സ്വയം തൊഴിലിലൂടെ പര്യാപ്തത നല്കുക എന്നിവ ലക്ഷ്യം കണ്ടില്ല.സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം ഉരുക്കളെ സംസ്ഥാനത്തിന് പുറത്ത് നിന്നും

വാങ്ങേണ്ടതില്ലെന്നും പർച്ചേസ് നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് ഗുണഭോക്താക്കൾ കൂടി ഉൾപ്പെട്ട സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടതെന്നും വ്യക്തമാക്കുന്നുണ്ട്.നടപടിക്രമങ്ങൾ പാലിച്ചു കൊണ്ടാണോ മേൽ വാങ്ങൽ നടത്തിയതെന്നന്വേഷിച്ചു കൊണ്ട് നിർവ്വഹണോദ്യോഗസ്ഥന് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ഓരോ കുടുംബത്തിന്റെയും സാമ്പത്തികവികസനം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഒരേ റേഷൻകാർഡിലെ കുടുംബാംഗങ്ങൾ തമ്മിലുള്ള കൈമാറ്റമായാൽ സബ്സിഡിയുടെ അടിസ്ഥാനതത്ത്വങ്ങൾ ലംഘിക്കുകയും സാമ്പത്തിക ഉന്നമനമെന്ന ലക്ഷ്യം തകരുകയും ചെയ്യും.മതിയായ പരിശോധന കൂടാതെ പദ്ധതിലക്ഷ്യം അട്ടിമറിച്ചുകൊണ്ട് നിരുത്തരവാദപരമായി പദ്ധതി നിർവ്വഹണം നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന്

**55,000/-രൂപ** ഈടാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം 13/18-1-23.**

**നിരാകരിച്ച തുക -55,000/-രൂപ**

<u>2. സബ്സിഡിയാനുകൂല്യത്തിൽ വാങ്ങിയ പശുവിനെ കരാർ ലംഘിച്ച് വിറ്റു.</u>

മേൽ പദ്ധതി വഴി 27500/-രൂപ സബ്സിഡിയിൽ പശുവിനെ വാങ്ങിയതായി രേഖകൾ ഹാജരാക്കിയിരുന്ന ചുവടെ ചേർക്കുന്ന വ്യക്തികളുടെ ഭവനങ്ങളിൽ പഞ്ചായത്ത് അധികൃതർ,വെറ്ററിനറി അസി.ഫീൽഡ് ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽ നമ്പർ ഇയർടാഗുള്ള പശുവിനെ കണ്ടെത്താൻ കഴിഞ്ഞില്ല.

| | ഗുണഭോക്താവിന്റെ പേര്, വിലാസം, റേഷൻ കാർഡ് നം | സ്ഥലപരിശോധനാ വിവരം (സ്ഥലപരിശോധനാ റിപ്പോർട്ടുകൾ ഫയലിനോടൊപ്പം) |
|---|---|---|
| 1 | **റഷീദ,,സജിനമൻസിൽ ,,കമ്പലടി** | **പശുവോ തൊഴുത്തോ ഇല്ല.** |
| 2 | **റഹിനാബീവി ,കിണറുവിളകിഴക്കതിൽ ,കമ്പലടി** | പശുവില്ല |
| 3 | **പ്രീതാകുമാരി ,തുണ്ടിൽ കിഴക്കതിൽ വീട് ,,ഇടയ്ക്കാട്** | പശുവിനെ വിറ്റുതായി ഗുണഭോക്താവ് അറിയിച്ചു |
| 4 | **അംബികാദേവി ,അനീഷ് ഭവനം അമ്പലത്തും ഭാഗം -** | പശുവോ തൊഴുത്തോ ഇല്ല,കശുവണ്ടിതൊഴിലാളി. |
| | | |

മേൽ സൂചിപ്പിച്ചവരെല്ലാം വെറ്ററിനറി സർജനുമായി വച്ച കരാറിൽ ആനുകൂല്യം ലഭിച്ച പശുവിനെ നല്ല രീതിയിൽ വളർത്തുമെന്നും 3 വർഷത്തിനുള്ളിൽ പശുക്കളെ കൈമാറ്റം നടത്തുകയില്ലെന്നും കൈമാറ്റം നടത്തുന്ന പക്ഷം സബ്സിഡിയിനത്തിലുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നുമാണ് നിബന്ധനകൾ വച്ചിരിക്കുന്നത്. അപാകത സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.കരാർ ലംഘനം നടത്തിയമേൽ വ്യക്തികൾക്ക് വേണ്ടി സബ്സിഡിയിനത്തിൽ ചെലവഴിച്ച തുകയായ 110000/-രൂപ (27500*4)തടസ്സപ്പെടുത്തുന്നു.തുക ഈടാക്കി വികസനഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഓഡിറ്റ് എൻക്വയറി നം 13/18-1-23.**

**തടസ്സപ്പെടുത്തുന്ന തുക -110000/-രൂപ**

## 1-23 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്ത് സെക്രട്ടറി , വെറ്ററിനറി സർജൻ എന്നിവർ നിർവ്വഹിച്ച വിവിധ പ്രോജക്ടുകൾ പ്രകാരം വിവിധ ഏജൻസികൾക്ക് നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ തുക അനുവദിച്ചിട്ടുണ്ട്. ഓരോ പ്രോജക്ടിന്റേയും ചെലവിന്റെ രേഖകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രോജക്ടുകൾ പൂർത്തിയാക്കി ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുള്ളതായി കണക്കാക്കുവാൻ സാധിക്കുന്നില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം.,പേര് നിർവ്വഹണോ ദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ സ്ഥാപനം, ഉദ്യോഗസ്ഥൻ | ചെലവ് വിശദാംശങ്ങൾ | പ്രോജക്ട് പൂർത്തീകരണ ത്തിലെ അപാകതകൾ | തടസ്സപ്പെടു-ത്തിയ തുക ₹ |
|---|---|---|---|---|---|
| 1 | 02/22 ജീവനം-ജില്ലാപഞ്ചായത്തിന് വിഹിതം നല്കൽ സെക്രട്ടറി | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കൊല്ലം | വികസന ഫണ്ട് (പൊതു.), ബിൽ നം.17/29.07.21, ₹2,00,000/- | തുകയുടെ കൈപ്പറ്റ് വിവരം , വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 2,00,000/- |
| 2 | 16/22 ഐകെഎം ന് വിഹിതം നല്കൽ സെക്രട്ടറി | ഡയറക്ടർ, ഐകെ എം | വികസന ഫണ്ട് (പൊതു.), ബിൽ നം.15/29.07.21, ₹93,275/- | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 93,275/- |
| 3 | 08/22 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (കെഎസ്ഇബി കടമ്പനാട്) സെക്രട്ടറി | കെഎസ് ഇബി, കടമ്പനാട് | വികസന ഫണ്ട് (പൊതു.), ബിൽ നം.12/15.07.21-₹64,160/- നം.40/13.01.22-₹21,416/- | തുകയുടെ കൈപ്പറ്റ് വിവരം , ഫൈനൽ ബിൽ പകർപ്പ്, പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 85,576/- |
| 4 | 54/22 പോരുവഴി കൃഷിഭവൻ ഇലക്ട്രിഫിക്കേഷൻ സെക്രട്ടറി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഡബ്ള്യുഡി ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കൊല്ലം | മെയിന്റനൻസ് ഫണ്ട് -നോൺറോഡ് , ബിൽ നം.32/08.11.21 ₹2,00,000/- | ₹1,97,402/-ന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുകയായ ₹2,598/-തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല. | 2,598/- |
| 5 | 70/22 അങ്കണവാടികളുടെ വൈദ്യുതീകരണം സെക്രട്ടറി | ,, | മെയിന്റനൻസ് ഫണ്ട് -നോൺറോഡ് , ബിൽ നം.19/09.08.21 ₹3,90,620/- | തുകയുടെ കൈപ്പറ്റ് വിവരം , ഫൈനൽ ബിൽ പകർപ്പ്, പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 3,90,620/- |
| 6 | 158/22 തൊണ്ടുകുറ്റിമുക്ക് ലക്ഷം വീട് കോളനിയിൽ | ജില്ലാ ഓഫീസർ, | വികസന ഫണ്ട് (എസ് സി പി), ബിൽ | തുകയുടെ കൈപ്പറ്റ് വിവരം , | 2,31,782/- |

| | | | | | |
|---|---|---|---|---|---|
| | കുഴൽ കിണർ നിർമ്മാണം സെക്രട്ടറി | ഗ്രൗണ്ട് വാട്ടർ വകുപ്പ്, കൊല്ലം | നം.46/10.03.22, ₹2,31,782/- | ഫൈനൽ ബിൽ പകർപ്പ്, പൂർത്തീ കരണ സാക്ഷ്യപത്രം, വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | |
